പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 85 28.01.2019 ൽ മറുപടിക്ക്

## തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള സ്വകാര്യ വത്കരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. വിൻസെന്റ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യ വത്കരിക്കുന്നതിനുള്ള കേന്ദ്ര തീരുമാനത്തെ തുടർന്ന് ഇതിനെതിരെ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; | (എ) | തിരുവനന്തപുരം വിമാനത്താവളത്തിന്റെ ടെർമിനലുകളുടെ വികസനവും പരിപാലനവും അടക്കമുള്ള മേഖലകൾ മത്സരാധിഷ്ഠിത ലേലത്തിലൂടെ പൊതു-സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നതിനുള്ള തീരുമാനമാണ് കേന്ദ്ര സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. ഈ തീരുമാനം പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര വ്യോമയാന മന്ത്രിക്ക് 2 തവണ കത്ത് അയച്ചിട്ടുണ്ട്. വിമാനത്താവളങ്ങളുടെ നിർമ്മാണത്തിലും നടത്തിപ്പിലുമുള്ള സംസ്ഥാനത്തിന്റെ പരിചയം കണക്കിലെടുത്ത് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും ഭാവി വികസന പ്രവർത്തനങ്ങളും സംസ്ഥാന സർക്കാരിനെ ഏൽപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അതോടൊപ്പം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംഘം കേന്ദ്രത്തിലെ വ്യോമയാന മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിന് നിയോഗിച്ചിട്ടുള്ള സെക്രട്ടറിമാരുടെ സംഘവുമായി ഇതു സംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായി. കൂടാതെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും വികസനവും സംസ്ഥാനത്തിന്റെ അധീനതയിലുള്ള ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) മുഖേന നടപ്പിലാക്കണമെന്നും, നാളിതുവരെ വിമാനത്താവളത്തിനായി ഏറ്റെടുത്ത് നൽകിയ ഭൂമി വിലയ്ക്ക് തത്തുല്യമായ ഓഹരി സംസ്ഥാനത്തിന് നല്കണമെന്നുമുള്ള സർക്കാർ നിർദ്ദേശം അറിയിക്കുകയുണ്ടായി. |
| (ബി) | സംസ്ഥാന സർക്കാർ പ്രസ്തുത വിമാനത്താവളത്തിന്റെ സ്വകാര്യ വൽകരണ ടെൻഡറിൽ പങ്കെടുക്കുന്നതിന് | (ബി) | സംസ്ഥാന നിർദ്ദേശത്തോട് കേന്ദ്രം അനുകൂല നിലപാട് സ്വീകരിക്കാത്തതിനാൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം ഏറ്റെടുത്ത് നടത്തുന്നതിനായി സംസ്ഥാന സർക്കാർ സ്പോൺസർ |

| | | | |
|---|---|---|---|
| | തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ; | | ചെയ്യുന്ന തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (TIAL) എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. മത്സരാധിഷ്ഠിതമായ ലേലമായതിനാൽ ബിഡ് സംബന്ധമായ വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളുന്നതിലേക്കായി ടെക്നിക്കൽ & ഫിനാൻഷ്യൽ കൺസൾട്ടന്റിനേയും, ലീഗൽ കൺസൾട്ടന്റിനേയും നിയമിച്ചിട്ടുണ്ട്. |
| (സി) | സർക്കാർ രൂപീകരിച്ച കമ്പനി പ്രസ്തുത ടെൻഡറിൽ പങ്കെടുക്കുന്നത് സ്വകാര്യ വൽക്കരണത്തിനെതിരായി നിയമസഭ പാസ്സാക്കിയ പ്രമേയത്തിന്റെ സ്പിരിറ്റിനെതിരാണെന്ന വാദഗതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) യും (ഡി) യും | ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുന്ന കേന്ദ്ര നയത്തിനെതിരായുള്ള സമീപനമാണ് സംസ്ഥാനം കൈക്കൊണ്ടിട്ടുള്ളത്. സംസ്ഥാന താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള വിമാനത്താവള നടത്തിപ്പ് വിഭാവനം ചെയ്തിട്ടുള്ളതിനാലാണ് സംസ്ഥാന സർക്കാർ സ്പോൺസർ ചെയ്യുന്ന കമ്പനി മത്സരാധിഷ്ഠിതമായ ലേലത്തിൽ പങ്കെടുക്കുന്നത്. |
| (ഡി) | പശ്ചിമബംഗാൾ സർക്കാർ ചെയ്തത് പോലെ സംസ്ഥാന സർക്കാരും എസ്.എസ്.എ.യിൽ ഒപ്പുവയ്ക്കുകയില്ലെന്ന് പ്രഖ്യാപിക്കുന്നതിന് തീരുമാനമെടുക്കുമോ? | | |

സെക്ഷൻ ഓഫീസർ